403
028
C1 10/2/25

# UNION OF SECRETARIAT EMPLOYEES (USE)

STU House, GAC Street, Thiruvananthapuram -1

President General Secretary

E9241621/2025/MIN (co-op)

ബഹുമാനപ്പെട്ട സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി,

രജിസ്ട്രാർ, സഹകരണം
പരിശോധിക്കുക
.03.02.2025
വി. എൻ. വാസവൻ
(തുറമുഖ–സഹകരണ–ദേവസ്വം–വകുപ്പ് മന്ത്രി)

സർ,

2025 ജനുവരി 8-ാം തീയതി സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 02/25 നമ്പർ സർക്കുലർ നടപ്പിലാക്കുന്നതോടെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ മുസ്ലിം ക്വാട്ടയിൽ രണ്ട് തസ്തികകൾ നഷ്ടമാകുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

ഈ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടിതൽ ആണെങ്കിൽ നൂറുവീതം എടുത്ത്6, 31, 56, 81 എന്നീ ക്രമനമ്പരുകളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകിക്കൊണ്ട് അംഗപരിമിതർക്കുള്ള 4% സംവരണം പാലിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ അപ്പെക്സ് സംഘങ്ങളിൽ പി.എസ്.സി. മുഖേന നടക്കുന്ന നിയമനങ്ങളിലാണ് ഈ നിർദ്ദേശം ആശങ്ക പടർത്തുന്നത്. 6, 56 ക്രമനമ്പരുകൾ സാമുദായിക സംവരണത്തിൽപ്പെടുന്ന ടേണുകളായതിനാൽ ഇത് മുസ്ലിം സമുദായത്തിനായി നീക്കിവെച്ച് രണ്ട് തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

ആയതിനാൽ മുസ്ലിം സമുദായത്തിന് അർഹമായ സംവരണാനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം പരിശോധിച്ച് പ്രസ്തുത ആനുകൂല്യം സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ,

അഷ്റഫ് എ.
ജനറൽ സെക്രട്ടറി
ഫോൺ : 9496328467

29-01-2025

സ്പെഷ്യൽ സെക്രട്ടറി, സഹകരണം

പരിശോധിക്കുക

20. 01. 2025

വി. എൻ. വാസവൻ ... വകുപ്പ് മന്ത്രി

ചന്ദ്രിക

## കേരള സഹകരണ നിയമത്തിലെ പുതിയ പരിഷ്കരണം

# മുസ്‌ലിം ക്വാട്ടയിൽ രണ്ടു തസ്തിക നഷ്ടമാകുമെന്ന് ആശങ്ക

മലപ്പുറം: കേരള സഹകരണ നിയമത്തിലെ പുതിയ പരിഷ്കരണം നടപ്പിലാക്കുന്നതിലൂടെ മുസ്‌ലിം ക്വാട്ടയിൽ രണ്ടു തസ്തികകൾ നഷ്ടമാകുമെന്ന് ആശങ്ക. ആകെയുള്ള തസ്തികയിൽ നാലു ശതമാനം ശാരീരിക വൈകല്യമുള്ളവർക്ക് നൽകണമെന്ന പുതിയ ഭേദഗതിയാണ് തിരിച്ചടിയാവുന്നത്. സഹകരണ സംഘം രജിസ്ട്രാറുടെ 2025 ജനുവരി 8 ലെ 02/2025 നമ്പർ സർക്കുലറിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

സർക്കുലർ പ്രകാരം സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ നൂറുവീതം എടുത്ത്. 6, 31, 56, 81 എന്നീ ക്രമ നമ്പറുകളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകിക്കൊണ്ട് നാലു ശതമാനം സംവരണം പാലിക്കണമെന്നാണ് നിർദേശിക്കുന്നത്. കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ അപെക്സ് സംഘങ്ങളിൽ പി.എസ്.സി മുഖേന നടക്കുന്ന നിയമനങ്ങളിലാണ് ഈ നിർദേശം ആശങ്ക പടർത്തുന്നത്. 6, 56 ക്രമനമ്പറുകൾ സാമുദായിക സംവരണത്തിൽപെടുന്ന ടേണുകളായതിനാൽ മുസ്‌ലിം സമുദായത്തിനായി നീക്കിവെച്ച രണ്ടു തസ്തികകൾ നഷ്ടപ്പെടുമെന്നതാണ് നിയമവിദഗ്ധർ വ്യക്തമാക്കുന്നത്.

മുസ്‌ലിം വിഭാഗത്തിന് മാറ്റിവെച്ച ടേണുകളുകൾ തിരഞ്ഞെടുത്തു സംവരണം നൽകിയതിൽ വലിയ പ്രതിഷേധമാണ് ഉയരുന്നത്. മുസ്‌ലിം സമുദായത്തിന്റെ സംവരണം നഷ്ടമാവാത്ത വിധം പരിഷ്കരിച്ച് സർക്കുലർ ഇറക്കണമെന്നാണ് നിലവിലെ ആവശ്യം. മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി നടപ്പാക്കിയ സംവരണത്തിലും സമാനമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്. സർക്കാറിന്റെ വിവേചന പരിഷ്കരണം ഭരണഘടന അവകാശ ലംഘനമാണെന്നാണ് ബന്ധപ്പെട്ടവർ ചൂണ്ടിക്കാട്ടുന്നത്.

Thiruvananthapuram Edition
Jan 16, 2025 Page No. 9
Powered by: erelego.com

9186229/2025/MIN (Co-Op)
File No. Co-Op-B1/28/2025-Co-Op (Computer No. 3039746)
Generated from eOffice by SAJILA T, ASO (B1) CO-OP, ASO (B1) CO-OP, Co-Operation Department on 28/02/2025 03:23 PM